ദേശാഭിമാനി

# ഇഎംസി കാലിബ്രേഷൻ ലാബിന് എൻഎബിഎൽ അംഗീകാരം

**തിരുവനന്തപുരം**

എനർജി മാനേജ്മെന്റ് സെന്ററിന്റെ കീഴിലെ എനർജി മീറ്റർ കാലിബ്രേഷൻ ലാബിന് നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ടെസ്റ്റിങ് ആൻഡ് കാലിബ്രേഷൻ ലബോറട്ടറീസിന്റെ (എൻഎബിഎൽ) പുനരംഗീകാരം ലഭിച്ചു. 2021 മുതൽ എൻഎബിഎൽ അംഗീകാരം നിലനിർത്തുന്ന ലാബിന് 2029 വരെ നാലുവർഷത്തേക്കാണ് അംഗീകാരം. ഗുണമേന്മയുള്ള ലബോറട്ടറി പരിശോധനാസംവിധാനം, പ്രത്യേക പരിശീലനം നേടിയ സാങ്കേതിക വിദഗ്ധർ, ഗുണമേന്മയും കൃത്യതയും ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ എന്നിവ വിലയിരുത്തിയാണ് അംഗീകാരം.

വൈദ്യുതി മേഖലയിൽ ഉപയോഗിക്കുന്ന എനർജി മീറ്റർ, സോളാർ മേഖലയിൽ ഉപയോഗിക്കുന്ന നെറ്റ് മീറ്റർ, വ്യവസായശാലകളിൽ ഉപയോഗിക്കുന്ന ട്രൈ വെക്ടർ മീറ്റർ എന്നിവയുടെ കൃത്യതയും ഗുണനിലവാരവും ലാബിൽ പരിശോധിക്കാനാകും. കേന്ദ്ര ഇലക്ട്രിസിറ്റി റെഗുലേറ്ററി കമീഷന്റെ നിർദേശപ്രകാരം കൃത്യമായ ടെക്നിക്കൽ, മാനേജ്മെന്റ് ഓഡിറ്റ് നടത്തിയാണ് അംഗീകാരം നൽകുന്നത്.

ഇഎംസിയുടെ സേവനങ്ങൾക്ക് ദേശീയതലത്തിൽ ലഭിക്കുന്ന വിശ്വാസ്യതയും അംഗീകാരവും കൂടുതൽ ശക്തിപ്പെടുത്താൻ ഇത് സഹായകരമാകുമെന്ന് ഡയറക്ടർ ഡോ. ആർ ഹരികുമാർ പറഞ്ഞു.